# ബഷീറാനന്തര മലയാളകഥയിലെ ബഷീർ

**അനന്തു കെ.**
എം.എ. മലയാളം
മദ്രാസ് സർവകലാശാല
മറീന ക്യാമ്പസ്, ചെന്നൈ
Email: ananduklm123@gmail.com

**സംഗ്രഹം**

ഒരു സാഹിത്യകൃതി രൂപപ്പെടുന്നതിന് അനവധിയായ കാരണങ്ങളുണ്ട്. അതിന് ചരിത്രപരമോ പ്രത്യയശാസ്ത്രപരമോ വ്യക്തിപരമോആയ കാരണങ്ങളുണ്ടാകാം. പലതരം സ്വാധീനതകളും സാഹിത്യത്തിന്റെ പിറവിയെയും ഉള്ളടക്കത്തെയും നിയന്ത്രിക്കാറുണ്ട്. മലയാളസാഹിത്യത്തിലെ അത്യപൂർവമായ പ്രതിഭയുള്ള എഴുത്തുകാരിൽ ഒരാളാണ് വൈക്കം മുഹമ്മദ് ബഷീർ. അദ്ദേഹം സൃഷ്ടിച്ച രചനാലോകം വളരെ വ്യത്യസ്തവും വ്യാപ്തിയേറിയതുമാണ്. അനനുകരണീയമായ അദ്ദേഹത്തിന്റെ രചനാരീതിമറ്റുള്ളവ രിൽനിന്നും ബഷീറിനെ വേറിട്ടുനിർത്തി. വായനക്കാരുടെ ചിന്തയിലും ഭാവനയിലും വലിയ സ്വാധീനങ്ങൾ അദ്ദേഹം ചെലുത്തി. എന്നാൽ അതിനപ്പുറത്തേക്ക് മലയാള ചെറുകഥകളിൽ ബഷീർ ഒരു ഭാവുകത്വഘടകമായിത്തീർന്നിട്ടുണ്ടോ എന്ന് തിരഞ്ഞെടുത്ത കഥകളുടെ അടിസ്ഥാനത്തിൽ അഖ്യനശാസ്ത്ര പരികല്പനകളുടെ കൂടി അടിസ്ഥാനത്തിൽ പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

**താക്കോൽവാക്കുകൾ:** ചെറുകഥ, ഭാവുകത്വം, ആഖ്യാനശാസ്ത്രം

**ആമുഖം**

ഒരു സാമൂഹ്യനിർമ്മിതി എന്നതിനപ്പുറത്തേക്ക് ഭാവുകത്വനിർമ്മിതി കൂടിയാണ് സാഹിത്യം. സമൂഹത്തിൽ നിലനിൽക്കുന്ന അധികാരബന്ധത്തോടും അതിൽ അന്തർലീനമായിരിക്കുന്ന പ്രത്യയശാസ്ത്ര നിർമ്മിതികളോടും ചേർന്നുനിന്നും ചിലപ്പോൾ വിപരീതദിശയിൽ സഞ്ചരിച്ചുമാണ് സാഹിത്യം മുന്നോട്ടുപോകുന്നത്. മതം, പ്രകൃതി, ദർശനങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയെല്ലാം വിവിധ കാലഘട്ടങ്ങളിൽ സാഹിത്യഭാവനയെ നിർണയിച്ചു. ഇവയുടെ നിയന്ത്രണങ്ങളും സ്വാധീനവും സാഹിത്യത്തിലുണ്ടെന്ന് ചരിത്രപരമായ വിശകലന രീതിയിലൂടെ മനസ്സിലാകും.

 ISSN: 2582 - 2594

മലയാളസാഹിത്യത്തിലെ ആധുനികതയുടെ വക്താക്കളിൽ പ്രധാനിയായിരുന്ന വൈക്കം മുഹമ്മദ് ബഷീർ. അനനുകരണീയമായ അദ്ദേഹത്തിന്റെ രചനാരീതി വായനക്കാരുടെ പ്രിയപ്പെട്ട എഴുത്തുകാരനായി അദ്ദേഹത്തെ മാറ്റി. തന്റേതുമാത്രമായ ഭാഷാശൈലിയും സമൂഹത്തിന്റെ അടിത്തട്ടിനെ സ്പർശിച്ചുകൊണ്ടുള്ള സാഹിത്യവീക്ഷണവും ബഷീറിനെ മറ്റ് സാഹിത്യകാരിൽനിന്ന് വ്യത്യസ്തനാക്കി. എവിടെയും താങ്ങി നിൽക്കാതെയും പിടിച്ചുനിൽക്കാതെയും സ്വന്തമായി രൂപപ്പെടുത്തിയതായിരുന്നു ബഷീർ തന്റെ സാഹിത്യസഞ്ചാരം. റിയലിസത്തെയും സോഷ്യലിസ്റ്റ് റിയലിസത്തെയും മലയാളസാഹിത്യം പ്രാധാന്യത്തോടെ അവതരിപ്പിച്ചുവരുന്ന കാലത്തായിരുന്നു വൈക്കം മുഹമ്മദ് ബഷീറിന്റെ സാഹിത്യപ്രവേശം. എന്നാൽ പുരോഗമന പ്രസ്ഥാനം അവതരിപ്പിച്ച യഥാർത്ഥ്യവാദത്തിന് അപ്പുറത്തേക്ക് സാമൂഹികസ്വത്വങ്ങളുടെ പ്രശ്നങ്ങൾകൂടി അദ്ദേഹം തന്റെ കൃതികളിൽ അവതരിപ്പിച്ചു. പുരോഗമനപ്രസ്ഥാനത്തിന് കീഴാള സ്വത്വങ്ങളെ അവതരിപ്പിക്കുന്നതിൽ ചില പരിമിതികൾ ഉണ്ട് എന്ന തിരിച്ചറിവ് യാതൊരു ആശയത്തോടും ചേർന്ന് നിൽക്കാതെയുള്ള രചനാരീതിയിലേക്ക് ബഷീറിനെ നയിച്ചു. ഓരോ കാലത്ത് വായിക്കപ്പെടുമ്പോഴും പുതുതായി തോന്നുന്ന എന്നത് ബഷീറിന്റെ രചനാരീതിയുടെ പ്രധാന പ്രത്യേകതയാണ്. മലയാളസാഹിത്യത്തിൽ കാലങ്ങൾക്ക് മുമ്പേ സഞ്ചരിക്കാനും കലാതിവർത്തിയായി നിലകൊള്ളാനും ബഷീർ കൃതികൾക്ക് സാധിച്ചിട്ടുണ്ട്.

**ബഷീർ : ഭാവുകത്വത്തിലെ ആഖ്യാനഭേദങ്ങൾ**

സാഹിത്യം എക്കാലത്തും അതിന്റെ ആന്തരികവും ബാഹ്യവുമായ രൂപങ്ങളെ പരിവർത്തനത്തിനു വിധേയമാക്കിയും പ്രയോഗസാധ്യതകളെ വിപുലീകരിച്ചുകൊണ്ടുമാണ് കടന്നുപോകുന്നത്. ഇത്തരം മാറ്റങ്ങൾ സ്വാഭാവികമായി സംഭവിക്കുന്ന ഒന്നല്ല. സാമൂഹികാന്തരീക്ഷങ്ങളുടെ പരിസരസ്വാധീനം സാഹിത്യത്തിൽ പ്രത്യക്ഷമായും പരോക്ഷമായും പ്രതിഫലിക്കാറുണ്ട്. സാഹിത്യരചന വളരെ സ്വാഭാവികമായി സംഭവിക്കുന്ന ഒന്നാണെന്ന് പറയുമ്പോഴും അതിലേക്ക് ആഖ്യാതാക്കളെ നയിക്കുന്നതിൽ വിവിധഘടകങ്ങൾ കാരണമാകുന്നുണ്ട്. പ്രാചീനകാല രചനകളിൽ ദൈവികമായ വിശ്വാസവും മതവുമെല്ലാം സാഹിത്യരചനയെ സ്വാധീനിച്ചിരിക്കുന്നതായി കാണാം. അന്നത്തെ സാമൂഹ്യസാഹചര്യത്തിൽ അത് സ്വാഭാവികമായി സാഹിത്യപ്രമേയത്തെയും രൂപത്തെയും രൂപപ്പെടുത്തിയതാകണമെന്നില്ല. സമൂഹത്തിന്റെ നേരിട്ടുള്ള നിയന്ത്രണം ഈ രചനകളിൽ ഉണ്ടായിരിക്കണം. പ്രകൃതി അക്കാലത്ത് സാഹിത്യത്തിൽ പ്രത്യക്ഷമായ ഒരു ഘടകമായിരുന്നെങ്കിലും പ്രമേയത്തിന്റെ ലക്ഷ്യം പ്രകൃതിയെ പ്രധാനഘടകമായി വിലയിരുത്തുന്നതിൽനിന്നും പിറകോട്ടടിപ്പിച്ചു. സമൂഹത്തിൽ നിലനിന്നിരുന്ന വരേണ്യ അധികാരത്തെ ചോദ്യം ചെയ്യാനാരംഭിച്ചതോടെ അതിന്റെ പ്രതിഫലനങ്ങൾ സാഹിത്യത്തിൽ ഉണ്ടാകുകയും മനുഷ്യകേന്ദ്രിതവും സമൂഹകേന്ദ്രിതവുമായ പ്രമേയങ്ങൾ സാഹിത്യത്തിൽ കടന്നുവരുന്നതിന് കാരണമാകുകയും ചെയ്തു. സാഹിത്യത്തിന്റെ സഞ്ചാരത്തിൽ ദർശനങ്ങളും സിദ്ധാന്തങ്ങളും അതിനെ സ്വാധീനിച്ചു. മലയാളസാഹിത്യത്തിൽ ലോകത്തുണ്ടായ വിവിധ സാഹിത്യസമീക്ഷകൾ ഏറിയും കുറഞ്ഞുമെല്ലാം പ്രതിഫലിച്ചിട്ടുണ്ട്. ദർശനങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അപ്പുറത്തേക്ക് ചില എഴുത്തുകാരുടെ രചനാരീതിക്ക് സാമ്യത തോന്നിക്കുന്നതരത്തിലുള്ള പ്രകടനങ്ങൾ മലയാളരചനകളിൽ ഉണ്ടായിട്ടുണ്ട്. സി വി രാമൻപിള്ളയുടെ രചനകളിൽ അമേരിക്കൻ നോവലിസ്റ്റായ സ്കോട്ട് ഫിറ്റ്സ് ജെറാൾഡിന്റെ സ്വാധീനവും കാ

ശ്ശൂരിന്റെ രചനകളിൽ റഷ്യൻ നാടകകൃത്തും ചെറുകഥാകൃത്തുമായ ആന്റൺ ചെക്കോവിന്റെ രചനാരീതിയുടെ സ്വാധീനവും തകഴിയുടെ രചനകളിൽ ഫ്രഞ്ച് സാഹിത്യകാരനായ മോപ്പസാങിന്റെ രചനാരീതിയുടെ സ്വാധീനവും ഉണ്ടെന്ന് നിരൂപകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത്തരം സ്വാധീനങ്ങൾ എടുത്തുപറയാൻ പ്രധാനകാരണം രചനകളുടെ പ്രമേയത്തിലും രൂപത്തിലും കഥാപാത്രസൃഷ്ടിയിലുമെല്ലാമുള്ള സ്വാധീനതകളാണ് ഇവഎന്നതാണ്. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായ രീതിയിൽ മലയാളത്തിലെ സാഹിത്യരചനകളിൽ വൈക്കം മുഹമ്മദ് ബഷീർ ഒരു നിർണായക ഭാവുകത്വഘടകമായി മാറിയിട്ടുണ്ട്.

മലയാളത്തിലെ പ്രധാന സാഹിത്യവിഭാഗങ്ങളിൽ ഒന്നാണ് ചെറുകഥ "ജീവിതത്തിലെ ഒരു സംഭവത്തിന്റെയോ, രംഗത്തിന്റെയോ, ഭാവത്തിന്റെയോ ഗദ്യത്തിലുള്ള ഒരു ചിത്രമാണ് ചെറുകഥ" എന്നാണ് കേസരി ബാലകൃഷ്ണപിള്ള ചെറുകഥയെ നിർവചിച്ചിരിക്കുന്നത്. മലയാള ചെറുകഥകളിൽ സ്വാധീനത എന്നതിന് അപ്പുറത്തേക്ക് സാഹിത്യത്തെ നിർണയിക്കുന്ന ഒരു ഘടകമായി വൈക്കം മുഹമ്മദ് ബഷീർ എന്ന എഴുത്തുകാരൻ മാറുന്നതായി ഏതാനും കഥകളെ വിശകലനം ചെയ്യുന്നതിലൂടെ മനസ്സിലാക്കാം. സക്കറിയയുടെ 'തേൻ' , ടി ശ്രീവത്സന്റെ 'ബഷീറെഴുത്ത് തെളിച്ചവും ലാളിത്യവുമുള്ള മലയാള രചനയ്ക്ക്'' , പി എസ് റഫീഖിന്റെ 'അടയാളം' എന്നീ കഥകളിൽ നേരിട്ടും അല്ലാതെയും ബഷീർ കടന്നുവരുന്നതായി കാണാം.

**തേനിലെ ബഷീർ**

ഉത്തരാധുനികതക്ക് മുമ്പ് മലയാളത്തിൽ സാഹിത്യരചന ആരംഭിച്ച എഴുത്തുകാരനാണ് സക്കറിയ. മാജിക്കൽ റിയലിസത്തിന്റെ ആഖ്യാനരീതിയിൽ അദ്ദേഹം രചിച്ച ചെറുകഥയാണ് 'തേൻ' എന്ന കഥ. മനുഷ്യസ്ത്രീയെ പ്രണയിക്കണമെന്നും വിവാഹം കഴിക്കണമെന്നും ആഗ്രഹിക്കുന്ന കരടിയെ കേന്ദ്രകഥാപാത്രമായി സക്കറിയ ഈ കഥയിൽ അവതരിപ്പിക്കുന്നു. മനുഷ്യന്റെ സമൂഹത്തിലുള്ള പല ചെയ്തികളെയും ആശങ്കാവഹമായി നോക്കിക്കാണുകയും വ്യത്യസ്ത രീതിയിൽ സാമൂഹികവിമർശനം നടത്തുകയും ചെയ്യുന്നുണ്ട് തേനിലൂടെ സക്കറിയ. ഈ കഥയെ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ ബഷീർ എന്ന സങ്കേതം പലയിടങ്ങളിലായി കഥയിൽ കടന്നുവരുന്നതായി കാണാം.

'സ്ഥലത്തെ പ്രധാനദിവ്യൻ' എന്ന ബഷീറിന്റെ നോവലിന് സമാനമായ കഥാസന്ദർഭവും പ്രയോഗങ്ങളുമാണ് സക്കറിയ തന്റെ ചെറുകഥയായ 'തേനി'ൽ ആഖ്യാനം ചെയ്തിരിക്കുന്നത്. 'സ്ഥലത്തെ പ്രധാനദിവ്യനി'ൽ ബഷീർ അവതരിപ്പിച്ച കണ്ടമ്പറയൻ എന്ന കഥാപാത്രത്തിന് സമാനമായരീതിയിലാണ് സക്കറിയ ദൈവത്തെ കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. മനുഷ്യസാധ്യത്തിന് അപ്പുറത്തുള്ള കാര്യങ്ങൾക്ക് പരിഹാരം കാണാനും പ്രവചനങ്ങൾ നടത്താനും കഴിയുന്ന കഥാപാത്രമാണ് കണ്ടമ്പറയൻ. ദേശവാസികൾ അസാധാരണ സാഹചര്യങ്ങളിലെല്ലാം അദ്ദേഹത്തെയാണ് സമീപിക്കുന്നത്. നാട്ടിലെ പ്രധാനികളായ 'ഡ്രൈവറെ'യും 'തൊരപ്പനെ'യും കാണാതെ പോകുന്ന സന്ദർഭത്തിലും, ആഞ്ഞിലിത്തടി കാണാതെ പോയപ്പോഴും നാട്ടിലെ ധീരനായ രക്തസാക്ഷിയായിരുന്ന കുറുമ്പൻചേനന്റെ വീരകാരാ കാണാതെ പോയപ്പോഴുമെല്ലാം നാട്ടുകാർ സമീപിക്കുന്നത് കണ്ടമ്പറയനെയാണ്. "ഹലി ഹലിയോ ഹലി ഹുലാലോ" എന്ന മന്ത്രത്തോടെ നാട്ടുകാരെ സ്വീകരിക്കുന്ന കണ്ടമ്പറയൻ

തന്നോടുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരമായി "ഹന്തൊന്ത്'" എന്നാണ് മറുപടി പറയുന്നത്. മറുപടിക്കുശേഷം അദ്ദേഹത്തെ കാണാൻപോയ ആർക്കെങ്കിലും വെളിപാട് ഉണ്ടാകുകയും പ്രശ്നപരിഹാരം സംഭവിക്കുകയും ചെയ്യുന്ന തരത്തിലാണ് സ്ഥലത്തെ പ്രധാനദിവ്യനിലെ കഥാഭാഗത്തെ ബഷീർ അവതരിപ്പിച്ചിരിക്കുന്നത്. ബഷീറിന്റെ ആൾദൈവം സക്കറിയയു ടെ 'തേനി'ലേക്ക് വരുമ്പോൾ ദൈവമായി മാറുന്നു എന്ന് മാത്രം "ഹലി ഹലിയോ ഹലി ഹുലാലോ" എന്ന പ്രയോഗവും "ഹന്തൊന്ത്" എന്ന പ്രയോഗവും സമാനരീതിയിൽ സക്കറിയ അവതരിപ്പിച്ചിരിക്കുന്നു. പ്രശ്നപരിഹാരത്തിനോ സഹായത്തിനോ ആൾദൈവത്തെ സമീപി ച്ചതിനുശേഷമുള്ള അതേതരത്തിൽ ബഷീർ നോവലിന് സമാനമായി തേനിലും അരുളപ്പാട് ഉണ്ടാകുന്നു. "ഹന്തൊന്ത്" എന്ന് 'തേനി'ൽ കരടി യുവതിയോട് പറയുമ്പോൾ "നീ ബഷീറിനെ വായിച്ചിട്ടുണ്ടോ" എന്ന് കരടിയോട് ചോദിക്കുന്നുണ്ട്. ഇതോടെ കഥയിൽ നേരിട്ട് തന്നെ ബഷീർ പ്രത്യക്ഷപ്പെടുന്നു. "ബഷീറിനെ അറിയില്ല"എന്നാണ് കരടി മറുപടി പറയുന്നതെങ്കിലും ബഷീർ തന്റെ പല ആഖ്യാനങ്ങളിലും നായിക സംബോധനയായി ഉപയോഗിച്ചിരിക്കുന്ന "തങ്കമേ" "ഭവതീ" എന്നീ പദങ്ങളാണ് കരടിയുടെ യുവതിയോടുള്ള സ്നേഹപ്രകടനത്തിനായി ആഖ്യാതാവ് ഉപയോഗിച്ചിരിക്കുന്നത്. രണ്ടു കഥാസന്ദർഭങ്ങളിലും ദൈവവും ആൾദൈവമായ കണ്ടമ്പറയനും ഒരേ രീതിയിലാണ് കഥാഗതിയിൽ ഇടപെടുന്നതും അതിനെ മാറ്റിത്തീർ ക്കുന്നതും. 'തേനി'ലെ ദൈവത്തെ വ്യത്യസ്തമായി സക്കറിയക്ക് ചിത്രീകരിക്കാമായിരുന്നു. എന്നാൽ അദ്ദേഹം ബഷീറിന് സമാനമായ രീതിയിൽ സന്ദർഭത്തെയും പ്രയോഗത്തെയും അതേപടി അവതരിപ്പിച്ചുകൊണ്ടാണ് കഥാഭാഗത്തെ വിപുലപ്പെടുത്തുന്നത്. ഭാഷ എന്ന അമൂർത്തമായ സങ്കേതത്തെ മൂർത്തവൽക്കരിക്കുകയാണ് ഇവിടെ സക്കറിയ ബഷീറിയൻ പ്രയോഗത്തിലൂടെ. കഥയിൽ ബഷീർ എന്ന സാഹിത്യകാരൻ തന്നെ നേരിട്ട് കടന്നുവരുന്നു. കൂടാതെ ബഷീറിയൻ പ്രയോഗങ്ങളും സംബോധനങ്ങളും സമാനമായ കഥാപാത്രസൃഷ്ടിയും കഥാസൃഷ്ടിയും ആഖ്യാനത്തെ വിപുലമാക്കാനായി ആഖ്യാതാവ് ഉപയോഗിച്ചിരിക്കുന്നതായി കാണാം. സക്കറിയയുടെ പ്രതീകാത്മകമായ കഥാഖ്യാനത്തെ തീവ്രമാക്കുന്നത് ബഷീറിന്റെ പ്രയോഗങ്ങളുടെ അവതരണമാണ്. ഒരു ഫാന്റസിയെ യാഥാർത്ഥ്യത്തോടുകൂടി അവതരിപ്പി ക്കുന്നതിനുള്ള തന്ത്രമായി ബഷീർ ഇവിടെ മാറുന്നു.

**ബഷീറെഴുത്തിലെ ബഷീർ**

ടി ശ്രീവത്സന്റെ 'ബഷീറെഴുത്ത് തെളിച്ചവും ലാളിത്യവുമുള്ള മലയാള രചനയ്ക്ക്' എന്ന കഥ യിലേക്ക് വരുമ്പോൾ ബഷീറിനെ സംബന്ധിക്കുന്ന ഒരു നിരൂപണലേഖനത്തിന്റെ സ്വഭാവം ഈ കഥയുടെ ആന്തരികഘടനയ്ക്ക് ഉണ്ട്. ലോക്ക്ഡൗൺകാലജീവിതത്തെ ലിവിങ് ടുഗതർ കപ്പിളിന്റെ ജീവിതത്തോട് ചേർത്തുനിർത്തിയാണ് കഥയുടെ ആവിഷ്കാരം അദ്ദേഹം നടത്തി യിരിക്കുന്നത്. ബി ടെക് അവസാനവർഷ വിദ്യാർഥികളായ റുബീന, സൈജു എന്നിവരാണ് കഥയിലെ കേന്ദ്രകഥാപാത്രങ്ങൾ. ഒരു സാഹിത്യകാരൻ എന്ന നിലയിൽ തന്നെ ബഷീർ കഥയുടെ കേന്ദ്രാശയത്തെ സ്വാധീനിക്കുന്നു എന്നത് കഥയ്ക്ക് വലിയ മാനങ്ങളാണ് സൃഷ്ടിക്കു ന്നത്. ലോക്ക്ഡൗൺ കാലവായനകൾക്കായി സൈജു തെരഞ്ഞെടുക്കുന്നത് ബഷീറിന്റെ രചനകളാണ്. ഈ സന്ദർഭത്തോടെയാണ് ബഷീർ കഥയിലേക്ക് പ്രവേശിക്കുന്നത്. ബഷീർ മലയാളത്തിലെ മറ്റ് സാഹിത്യകാരിൽനിന്നും എത്രമാത്രം വേറിട്ട് നിൽക്കുന്നെന്നും ബഷീ

റെഴുത്തിന്റെ പ്രത്യേകതകളെക്കുറിച്ചും കഥാഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നതായി കാണാം. എപ്പോൾ എത്രനേരം വേണമെങ്കിലും വായിക്കാൻ കഴിയുന്ന എല്ലാ പ്രായക്കാരെയും എൻഗേജ് ചെയ്യുന്ന അസാമാന്യ മാന്ത്രികനാണ് ബഷീറെന്നും മലയാളത്തിലെ ഒരേയൊരു നിത്യഹരിത എഴുത്തുകാരനാണ് അദ്ദേഹമെന്നും ഈ ഭാഗത്ത് പറയുന്നുണ്ട്. ബഷീറിനെ സംബന്ധിക്കുന്ന സമഗ്രമായ വിശകലനത്തിലേക്കും ചർച്ചയിലേക്കുമാണ് പിന്നീട് കഥ കടക്കുന്നത്. ആണിനെയും പെണ്ണിനെയും ബഷീർ ഒരുപോലെയാണോ അഡ്രസ്സ് ചെയ്യുന്നത്? മുസ്ലിം പശ്ചാത്തലത്തിൽ വളർന്ന റുബീനയ്ക്ക് ബഷീർ എങ്ങനെയായിരിക്കും? തന്റെ വിശ്വാസങ്ങളും ധാരകളും യാതൊരു സങ്കോചവുമില്ലാതെ തുറന്നാവിഷ്കരിക്കാറുള്ള ബഷീറിനെ റുബീന എങ്ങനെ കാണുന്നു? തുടങ്ങി നിരവധി ചോദ്യങ്ങൾ സൈജുവിൽ ഉണ്ടാകുന്നു. ബഷീറിന്റെ 'പ്രേമലേഖനം' എന്ന നോവലിൽ അദ്ദേഹം നടത്തിയ "കാഠിന്യത്തിന്റെ പര്യായമാകുന്ന സ്ത്രീ. തനി ഡുക്കഡുഡുക്കഡു ആകുന്ന സ്ത്രീ" "സ്ത്രീകളുടെ തലയ്ക്കുള്ളിൽ നിലാവെളിച്ചമാണ്" "പെണ്ണിന്റെ ഡബിൾ ഡബിൾ ഡബിൾ ക്രൂരഹൃദയം" എന്നീ പ്രയോഗങ്ങളെ എങ്ങനെയായിരിക്കും സ്ത്രീസമൂഹം പരിഗണിച്ചിട്ടുണ്ടാവുക എന്ന ചോദ്യവും സൈജുവിൽ ഉണ്ടാകുന്നുണ്ട്. ഇതൊക്കെ ആസ്വദിക്കുന്ന സ്ത്രീകൾ ഉണ്ടാകുമോയെന്നും ഇങ്ങനെ കളിയാക്കപ്പെടാനും അവഹേളിക്കപ്പെടാനും സ്ത്രീകൾക്ക് ഇഷ്ടമായിരിക്കുമോ എന്നെല്ലാമറിയാൻ സൈജു റുബീനയോട് സംസാരിക്കാൻ തീരുമാനിക്കുന്നു. റുബീനയുടെ ഉത്തരം "തന്റെ ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാരനാണ് ബഷീർ" എന്നതായിരുന്നു. പക്ഷേ അവളുടെ സ്വത്വത്തെ "ബഷീർ പലപ്പോഴും പ്രോവോക്ക് ചെയ്യുന്നതായി തോന്നിയിട്ടുണ്ട്" എന്നും അവൾ പറയുന്നുണ്ട്. ഈ സന്ദർഭത്തിൽ ബഷീറിന്റെ 'ഒരു ഭഗവദ്ഗീതയും കുറേമുലകളും' എന്ന കഥയിലെ പ്രയോഗങ്ങൾ കഥാഭാഗത്ത് ആഖ്യാതാവ് അവതരിപ്പിക്കുന്നുണ്ട്. "മുലകളുടെ ഘോഷയാത്ര! പേട്ടുമുല, നെല്ലിക്കാമുല, സൂചിമുല, അടയ്ക്കാമുല, മരോട്ടിയ്ക്കാമുല, വഴുതനങ്ങാമുല, പമ്പരമുല, പപ്പായമുല, ചക്കമുല" , "നമ്പൂതിരിയും ദേവനും രാജാക്കന്മാരും ഭരിച്ചിരുന്ന പഴയ ആ നല്ല കാലത്തിന്റെ മധുരമായ ഓർമ്മകളാകുന്ന ഈ സുന്ദരമുലകൾ", "ബും എന്ന് നിൽക്കുന്ന മുലകൾ" ഈ പ്രയോഗങ്ങൾ സ്ത്രീയായ റുബീനയെ കഥാഭാഗത്ത് ചില വിഷമതകൾ സൃഷ്ടിക്കുന്നതിലേക്ക് നയിക്കുന്നുണ്ട്. എന്നാൽ ഈയൊരു നിശ്ചലാവസ്ഥ പരിഹരിക്കുന്നതും "ആകാശമാകുന്ന നെഞ്ചിലെ രണ്ട് അത്ഭുത പൂനിലാവുകൾ" എന്ന ബഷീറിന്റെ പ്രയോഗത്തെ അവതരിപ്പിച്ചുകൊണ്ട് ബഷീറിന്റെ നോവലായ 'അനുരാഗത്തിന്റെ ദിനങ്ങളി'ലൂടെ കടന്നുപോയിക്കൊണ്ടാണ്. ഒരു കോപ്പി എഡിറ്റിങ് സോഫ്റ്റ്‌വെയർ എന്ന ആശയത്തിലേക്ക് സൈജു കഥാഭാഗത്ത് പിന്നീട് കടക്കുമ്പോൾ 'നല്ല മലയാളത്തിന് ബഷീർ ആപ്പ്' എന്ന ആശയത്തിലേക്കാണ് എത്തിച്ചേരുന്നത്. ബഷീറിനെത്തന്നെ അതിന് തെരഞ്ഞെടുക്കാനുണ്ടായ കാരണങ്ങൾ സൈജു പറയുന്നുണ്ട്. "ഭാഷയുടെ മേലുള്ള റാഡിക്കൽ സമീപനം, വ്യാകരണം വേണ്ടാത്ത രചനാരീതി, ശുദ്ധ മലയാളം വേണ്ട, ഇംഗ്ലീഷും സംസ്കൃതവുമൊക്കെ യഥേഷ്ടം ഉപയോഗിക്കുന്ന രീതി, ലോകത്തെവിടെയുമില്ലാത്ത ബഷീറിന്റേത് മാത്രമായ വാക്കുകൾ (ഹിത്തിന ലുട്ടാപ്പി, ബഡുക്കൂസ്, ഡുക്കഡുഞ്ചത്തി, ഡങ്കഡിങ്കാഹോ) എന്നിവയാണവയെപ്പറ്റിയും കഥഭാഗത്ത് പറയുന്നതായി കാണാം. ബഷീറിന്റെ 'സ്ത്രീ' എന്ന നോവലിനെക്കുറിച്ച് എം പി പോൾ പറഞ്ഞ "സഭ്യതയുടെയും വികാരത്തിന്റെയും അതിരുകടന്നുപോയിരിക്കുന്നു", എൻ എസ് മാധവന്റെ 'ബഷീർ സാഹിത്യത്തിലെ കറുത്ത ഗർത്തങ്ങൾ' എന്നിവയെ സംബന്ധിച്ചും കഥയിൽ പരാമർശിക്കുന്നുണ്ട്.

 ISSN: 2582 - 2594

ബഷീറിനെയും ബഷീർ കൃതികളെയും വിമർശനങ്ങളെയും സംബന്ധിച്ചുള്ള ശ്രദ്ധേയമായ നിരീക്ഷണങ്ങൾ അടങ്ങിയിരിക്കുന്ന കഥയാണിത്. കഥയുടെ പേരിലൂടെത്തന്നെ ബഷീറാണ് കഥയുടെ കേന്ദ്രം എന്ന് മനസിലാക്കാൻ കഴിയും. പ്രേമലേഖനം, സ്ത്രീ, അനുരാഗത്തിന്റെ ദിനങ്ങൾ, ബാല്യകാല സഖി, ഒരു ഭഗവത്ഗീതയും കുറേ മുലകളും എന്നീ ബഷീർകൃതികൾ കഥയുടെ പല ഭാഗങ്ങളിലായി പരാമർശിക്കപ്പെടുന്നതായി കാണാം. പ്രേമലേഖനത്തിലെയും അനുരാഗത്തിന്റെ ദിനങ്ങളിലെയും ഒരുഭഗവത്ഗീതയും കുറേമുലകളും എന്ന കഥയിലേയും സംഭാഷണങ്ങൾതന്നെ കഥയിൽ നേരിട്ട് ഉപയോഗിച്ചിരിക്കുന്നതായി കാണാം. സാറാമ്മയെയും കേശവൻ നായരെയും ഒന്നിപ്പിച്ച് വിപ്ലവം സൃഷ്ടിച്ച സാഹിത്യകാരനാണ് ബഷീർ. വ്യത്യസ്ത മതവിഭാഗക്കാരെ അദ്ദേഹം സ്നേഹത്തിലൂടെ ഒന്നിപ്പിച്ചപ്പോൾ അത് മാനവികതയുടെ വലിയ സന്ദേശമാണ് സമൂഹത്തിന് നൽകിയത്. ശ്രീവത്സന്റെ കഥയിൽ റുബീന, സൈജു എന്നീ വ്യത്യസ്തമതവിഭാഗക്കാരെയാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. സാഹിത്യരചന ഇത്തരം പ്രമേയങ്ങളിൽനിന്നും അവതരണങ്ങളിൽനിന്നും മുന്നോട്ട് പോയപ്പോഴും പ്രേമലേഖനത്തിലേതിനു സമാനമായ സ്വത്വമുള്ള കഥാപാത്രങ്ങളുടെ സൃഷ്ടിയിലേക്ക് അദ്ദേഹത്തെ നയിച്ചത് ബഷീർ ഒരു ഭാവുകത്വമായി സാഹിത്യത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ്. "രണ്ട് ചായ" എന്നതിൽ നിന്നും "ഒരു ചായ ഒരു കാപ്പി" എന്നതിലേക്ക് മാറുന്ന സാറാമ്മയെയും കേശവൻ നായരേയും പ്രേമലേഖനത്തിന്റെ അവസാനഭാഗത്ത് കാണാം, ശ്രീവത്സന്റെ കഥയിലെത്തുമ്പോൾ കാലാനുക്രമമായ വികാസം സൈജുവും റുബീനയും ലിവിങ് ടുഗതെറിൽ ആണെങ്കിലും രണ്ട് മുറികളുള്ള വീട്ടിൽ അവരുടേതായ പേഴ്സണൽ സ്പേസിന് ഇടം നൽകിക്കൊണ്ടുള്ള ചിത്രീകരണത്തിലൂടെ കാണാം. കഥയിൽ ഒരു സാഹിത്യകാരൻ എന്ന നിലയിൽത്തന്നെ ബഷീർ കഥാഗതിയിൽ സ്വാധീനം ചെലുത്തുന്നതുകൂടാതെ അദ്ദേഹത്തിന്റെ കൃതികൾ, പ്രയോഗങ്ങൾ, സമാനമായ കഥാപാത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ പലഭാഗങ്ങളിലായി കടന്നുവരുകയും ചെയ്യുന്നുണ്ട്.

### ബഷീറടയാളം അടയാളത്തിൽ

സക്കറിയയുടെ ചെറുകഥയിലും ടി ശ്രീവത്സന്റെ കഥയിലും ഒരു സാഹിത്യകാരൻ എന്ന നിലയിൽത്തന്നെ ബഷീറിനെ ആഖ്യാതാക്കൾ അവതരിപ്പിച്ചിട്ടുണ്ട്. പി എസ് റഫീഖിന്റെ 'അടയാളം' എന്ന കഥയെ വിലയിരുത്തുമ്പോൾ ബഷീർ എന്ന പേര് ആഖ്യാനത്തിൽ ഉപയോഗിക്കാതെതന്നെ കഥയുടെ ഭാവുകത്വത്തെ സ്വാധീനിക്കുന്ന ഒന്നായി ബഷീർ മാറുന്നു.

കഥയിലെ കേന്ദ്രകഥാപാത്രമായ യുവാവ് ക്ഷയരോഗബാധിതയായ തന്റെ അമ്മയ്ക്ക് ഗുളിക വാങ്ങാനായി പോകുന്ന സമയത്ത് കുട്ടി മാപ്പിളയുടെ ചായക്കടയിൽ ചില ചെറിയ ജോലികൾക്കായി നിൽക്കാൻ തുടങ്ങുന്നു. ഈ സമയത്താണ് ചായക്കടയുടെ അടുത്തുള്ള പുസ്തകക്കടക്കാരനുമായി സംഭാഷണങ്ങളിൽ ഏർപ്പെടാൻ യുവാവ് ആരംഭിക്കുന്നത്. കഷണ്ടി കയറിയ തലയും കണ്ണടയും വെള്ളമുണ്ടുമുടുത്ത അദ്ദേഹം ആദ്യമൊന്നും വലുതായി യുവാവിനോട് സംസാരിക്കുന്നില്ല. വിരിഞ്ഞ കൈപ്പത്തിയും തോളിലെ മുഴപ്പും എടുത്തുപിടിച്ച നടത്തവും കൊണ്ട് നാട്ടുകാർ അയാളെ ഫയൽവാൻ എന്നാണ് വിളിച്ചിരുന്നത്. ഒരു ദിവസം അയാൾക്കുള്ള ചായയുമായി ചെന്നപ്പോഴാണ് യുവാവിനോട് പുസ്തകക്കടക്കാരൻ സംസാരിക്കുന്നത്. കുട്ടിമാപ്പ്ലയുടെ കടയിൽ യുവാവ് കയറി മോഷ്ടിച്ചത് പിടിച്ച അയാൾ യുവാവിനെ മർദ്ദിക്കുകയും

കളിയാക്കുകയും ചെയ്യുന്നുണ്ട്. അതിന് പ്രതികാരം ചെയ്യാനായി അയാൾ കടയ്ക്കടുത്തുള്ള ഒരു ചുമരിൽ കുട്ടിമാപ്ലയെപ്പറ്റി അപവാദങ്ങൾ എഴുതിവച്ചു. എന്നാൽ അതും കുട്ടിമാപ്പിള മനസ്സിലാക്കുകയും വീണ്ടും യുവാവിനെ കളിയാക്കുകയും അയാളെക്കൊണ്ട് തന്നെ അത് മായ്പ്പിക്കുകയും ചെയ്യുന്നു. നിറയെ അക്ഷരപ്പിശകുണ്ടായിരുന്നു യുവാവിന്റെ ചുവരെഴുത്തിൽ. ഒരു ദിവസം ചായയുമായി പുസ്തകക്കടക്കാരന്റെ അടുത്ത് ചെല്ലുന്ന യുവാവിനുനേരെ ചുമരിൽ എഴുതിയത് ശരിയാക്കി എഴുതിയ കടലാസ് അയാൾ നൽകുന്നുണ്ട്. എന്നാൽ അത് തുറന്നുപോലും നോക്കാതെ യുവാവ് ആ എഴുത്ത് ചുരുട്ടി കടയുടെ ഒരു മൂലയിലേക്ക് എറിയുന്നു. ചില കളവ് സ്വഭാവങ്ങളുള്ള യുവാവ് പുസ്തകക്കാരന്റെ കടയിൽ നിന്നും എന്തെങ്കിലും മോഷ്ടിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അയാൾക്ക് അതിന് കഴിയുന്നില്ല. കളവിനിടയിൽ നടന്ന ചില സംഭവങ്ങൾക്കുശേഷം നാടുവിട്ട യുവാവ് കാലങ്ങൾക്ക് ശേഷമാണ് നാട്ടിലേക്ക് തിരിച്ചുവരുന്നത്. പുസ്തകക്കടക്കാരൻ അപ്പോഴേക്കും നാടുവിട്ടുപോയിരുന്നു. കുട്ടിമാപ്ലയുടെ കടയിൽ അദ്ദേഹം ഉപേക്ഷിച്ചുപോയ പുസ്തകങ്ങൾക്കിടയിൽനിന്നും താൻ പണ്ട് മോഷ്ടിക്കാൻ ഉദ്ദേശിച്ച പുസ്തകം കാണുകയും അതിൽ തനിക്ക് പണ്ട് അദ്ദേഹം നൽകിയ കടലാസ് കഷ്ണം നിവർത്തിവെച്ചതായി കാണുകയും ചെയ്യുന്നു. അതിൽ “നീയും ഞാനും എന്ന യാഥാർത്ഥ്യത്തിൽ നിന്ന് ഒടുവിൽ നീ മാത്രമായി അവശേഷിക്കാൻ പോകുന്നു” എന്ന് ആരംഭിക്കുന്ന ഒരു എഴുത്താണ് അയാൾക്ക് ലഭിക്കുന്നത്. ബഷീർ തന്റെ ‘അനർഘനിമിഷം’ എന്ന ചെറു കഥയുടെ ആദ്യഭാഗമാണ് യുവാവിന് നൽകിയ കടലാസ് കഷ്ണത്തിൽ പുസ്തകക്കടക്കാരൻ എഴുതിയിരിക്കുന്നത്. കഥയിലെ പുസ്തകക്കടക്കാരനെ നിരീക്ഷിക്കുമ്പോൾ ബഷീറിലേക്ക് തന്നെയാണ് എത്തിച്ചേരുക. അദ്ദേഹത്തിന്റെ ശരീരപ്രകൃതവും പാട്ട് പെട്ടിയും കോളാമ്പിയും സോജാ രാജകുമാരി എന്ന പാട്ടും സൈക്കിളുമെല്ലാം അവസാനം കൊണ്ടെത്തിക്കുന്നത് ബഷീറിലാണ്. ആഖ്യാതാവ് ഇവിടെ ബഷീർ എന്ന പേര് കഥയിൽ ഉപയോഗിച്ചിട്ടില്ലെങ്കിലും അദ്ദേഹമാണ് എന്നതരത്തിൽ പല സൂചനകളും കഥാഭാഗത്ത് നൽകുന്നുണ്ട്. ബഷീറിന്റെ പ്രയോഗങ്ങളെയും അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കൾ എന്നിവ കഥയിൽ കടന്നുവരുകയും ബഷീറെന്ന സാഹിത്യകാരനെ കഥയിൽ സൃഷ്ടിക്കാൻ ആഖ്യാതാവ് ശ്രമിക്കുന്നതായും കഥയിൽ കാണാം.

**ഭാവുകത്വത്തിലെ ആഖ്യാനഭേദങ്ങൾ**

ആഖ്യാനശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ ചെറുകഥകൾ വിലയിരുത്തുമ്പോൾ ഒരു ഭാവുകത്വഘടകമായി രചനകളിൽ എങ്ങനെയാണ് ബഷീർ കടന്നുവരുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. ഘടനാവാദത്തോട് ചേർന്നുവന്ന സാഹിത്യനിരൂപണരീതിയാണ് ആഖ്യാനശാസ്ത്രം. കഥാത്മകരചനകളിലാണ് ഘടനാവാദം കൂടുതൽ താല്പര്യം കാണിച്ചത്. എങ്ങനെയാണ് ഒരു കഥ ആഖ്യാനം ചെയ്യപ്പെടുന്നതെന്നും അതിന്റെ സാങ്കേതികമായ അംശങ്ങൾ എന്തൊക്കെയായിരുന്നു എന്നതായിരുന്നു ഘടനാവാദത്തിന്റെ ഊന്നൽ. ഇത് പിന്തുടരുന്ന രീതിയാണ് ആഖ്യാനശാസ്ത്രത്തിന്റേതും. വിവിധതരം രചനാരൂപങ്ങൾ പ്രാചീനകാലങ്ങളിൽത്തന്നെ ഉണ്ടായിട്ടുണ്ട്. അവയെല്ലാം തന്നെ കഥ പറച്ചിലാണ് നടത്തിയതെങ്കിലും ഘടനകൾ വ്യത്യാസപ്പെട്ടു (ഭാരതീയ കാവ്യചരിത്രത്തിൽ ഇതിഹാസം, ഖണ്ഡകാവ്യം, നാടകം, ചമ്പു തുടങ്ങിയവ). രചനയുടെ ഭാവുകത്വത്തെ നിർണയിക്കുന്നതിൽ ഘടനയ്ക്കും പ്രമേയത്തിനും അപ്പുറത്ത് ചിലതുണ്ട് എന്നാണ് ആഖ്യാനശാസ്ത്രം ചൂണ്ടിക്കാട്ടിയത്.

 ISSN: 2582 - 2594

സക്കറിയയുടെ 'തേൻ' , ടി ശ്രീവത്സന്റെ 'ബഷീറെഴുത്ത് തെളിച്ചവും ലാളിത്യവുമുള്ള മലയാള രചനയ്ക്ക്'', പി എസ് റഫീഖിന്റെ 'അടയാളം' എന്നീ കഥകളിൽ എന്തുകൊണ്ടാണ് ബഷീർ ഒരു ഭാവുകത്വത്തെ നിർണയിക്കുന്ന ഘടകമായി മാറുന്നത് എന്നത് പ്രധാനപ്പെട്ട ചോദ്യംതന്നെയാണ്. ആധുനികരചനാരീതിയിൽ മലയാളസാഹിത്യത്തിൽ രചനകൾ ആരംഭിച്ച സക്കറിയയുടെയും, ഉത്തരാധുനികതയ്ക്കുശേഷം സാഹിത്യരചനയിലേക്ക് കടന്നുവന്ന ടി ശ്രീവത്സന്റെയും പി എസ് റഫീക്കിന്റെയും രചനകളിൽ ബഷീർ എന്ന സാഹിത്യകാരൻ രചനകളുടെ ഭാവുകത്വഘടകമായി മാറുന്നു. സക്കറിയയുടെ കഥയിൽ സാഹിത്യകാരൻ എന്ന നിലയിൽത്തന്നെ ബഷീർ പ്രത്യക്ഷപ്പെടുന്നു. കൂടാതെ ബഷീറിയൻ പ്രയോഗങ്ങൾ, സംബോധനകൾ, ബഷീറിനു സമാനമായ കഥാപാത്രത്തിന്റെയും സൃഷ്ടി എന്നിവ ആഖ്യാനത്തിന്റെ ഭാഗമാകുന്നു. ശ്രീവത്സന്റെ കഥയിലേക്ക് വരുമ്പോൾ സാഹിത്യകാരൻ എന്നതിനപ്പുറത്തേക്ക് നിരവധി ബഷീർകൃതികൾ, പ്രയോഗങ്ങൾ, കഥാപശ്ചാത്തലം, കഥാപാത്രങ്ങൾ എന്നിവ ആഖ്യാനത്തിന്റെ ഭാഗമാകുന്നു. റഫീഖിന്റെ കഥയിൽ ബഷീറിന് സമാനനായ കഥാപാത്രവും അദ്ദേഹത്തിന്റെ പ്രയോഗങ്ങളും ബഷീർ ഉപയോഗിച്ച വസ്തുക്കളുമെല്ലാം കഥയിൽ കടന്നുവരുന്നു. മലയാള ചെറുകഥാസാഹിത്യത്തിൽ ഒരു ഭാവുകത്വസങ്കേതമായി ബഷീർ കടന്നുവരുന്ന എന്നതിന് ഉത്തമ ഉദാഹരണങ്ങളാണ് ഈ കഥകൾ. മലയാളസാഹിത്യത്തിൽ ഇത്രമാത്രം ഭാവുകത്വത്തിന്റെ ഏകകമായിത്തീരുന്ന ഒരെഴുത്തുകാരൻ ഉണ്ടായിട്ടില്ലെന്ന് പറയാം. ഇത് വളരെ സ്വാഭാവികമായി രൂപപ്പെടുന്ന ഒന്നാണെന്നുള്ളത് ബഷീർ എന്ന സാഹിത്യകാരൻ കാലങ്ങൾക്കിപ്പുറവും നമുക്കിടയിൽ ജീവിക്കുന്ന എന്നതിനപ്പുറത്തേക്ക് സാഹിത്യത്തിന്റെ ഭാവുകത്വത്തെ നിർണയിക്കുന്ന ഒരു ഘടകമായിമാറുന്നു എന്നതിലേക്ക് ഉയർത്തുന്നു.

ആഖ്യാനശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന പലപരികൽപ്പനകളിലും ബഷീർ എന്ന ഘടകം പിൽക്കാല കഥകളിൽ കടന്നുവരുന്നുണ്ടെന്നതിനാൽ ഫ്രഞ്ച് സാഹിത്യസൈദ്ധാന്തികനായിരുന്ന ജെറാൾഡ് ജെന്നറ്റ് തന്റെ 'Narrative discourse' എന്ന ഗ്രന്ഥത്തിൽ ആഖ്യാനത്തിന്റെ അഞ്ച് ഘടകങ്ങളെ സംബന്ധിച്ച് പറയുന്ന കാര്യങ്ങൾ ഈ കഥകളുടെ വിശകലനോപാധിയായി മാറുന്നുണ്ട്. ക്രമം (Oder), ആവൃത്തി (frequency), കാലം (duration), ആഖ്യാനം (voice), മാനസികാവസ്ഥ (mood) എന്നിവയാണവ. 'ക്രമം' എന്നതുകൊണ്ട് അദ്ദേഹം പറയുന്നത് കഥയിലെ സംഭവങ്ങൾ തമ്മിലുള്ള പൊരുത്തത്തെയാണ്. അതിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ സംഭാഷണങ്ങളും ഭാഷയുമാണ്. ഇവിടെ പഠനത്തിന് വിധേയമാക്കിയ കഥകളിൽ കഥകളുടെ നാടകീയത നിലനിർത്തുന്നത് ബഷീർ തന്റെ മറ്റുകൃതികളിൽ ഉപയോഗിച്ച സംഭാഷണങ്ങളാണ് എന്ന് കണ്ടെത്താൻ കഴിയും. സക്കറിയയുടെ കഥയിലെ 'ഹന്തൊന്ത്' ശ്രീവത്സന്റെ കഥയിലെ 'ആകാശമാകുന്ന നെഞ്ചിലെ രണ്ട് അത്ഭുത പൂനിലാവുകൾ' റഫീഖിന്റെ കഥയിലെ 'നീയും ഞാനും എന്ന യാഥാർത്ഥ്യത്തിൽനിന്ന് ഒടുവിൽ നീ മാത്രമായി മാറാൻ പോകുന്നു' എന്നിവ ഉദാഹരണങ്ങളാണ്. രണ്ടാമത്തേത് 'ആവൃത്തി'യാണ്. സംഭവങ്ങൾ ആവർത്തിച്ചുവരുന്ന രീതിയാണിത്. സക്കറിയയുടെ 'തേൻ' എന്ന കഥയെ പരിശോധിക്കുമ്പോൾ ബഷീറിന്റെ സ്ഥലത്തെ പ്രധാന ദിവ്യൻ എന്ന കൃതിയിലേതിന് സമാനമായ സംഭവാഖ്യാനം കാണാം. മൂന്നാമതായി പറയുന്നത് 'കാല'മാണ്. ഏത് കാലത്തിൽ നിന്നുകൊണ്ടാണ് കഥപറയുന്നത് എന്നതാണ് ഇവിടെ പരിശോധിക്കുന്നത്. വർത്തമാനകാലജീവിതമാണ് മൂന്നു കഥകളിലും

കാണാൻ കഴിയുന്നത്. നാലാമതായി പറയുന്നത് ശബ്ദമാണ്. ആരാണ് കഥ പറയുന്നത് എന്നാണ് ഇതിൽ പരിശോധിക്കുന്നത്. ആഖ്യാതാവ് തന്നെ നേരിട്ട് കഥ പറയുന്ന രീതിയിലാണ് മൂന്ന് കഥകളെയും ആഖ്യാനം ചെയ്തിരിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമായി പറയുന്നത് 'മാനസികാവസ്ഥ'യാണ്. കഥാകൃത്തിന്റെ വീക്ഷണസ്ഥാനമാണ് ഇതിലൂടെ കാണാൻ കഴിക്കുന്നത്. കഥ ഏത് ബിന്ദുവിൽ കേന്ദ്രീകരിക്കുന്നു എന്നതാണ് വീക്ഷണസ്ഥാനം പരിശോധിക്കുന്നതിലൂടെ മനസ്സിലാകുന്നത്. സക്കറിയയുടെ കഥയിൽ ഭൂമിയുടെ എല്ലാ അവകാശികൾക്കും ഒരു ഭാഷയുണ്ട് എന്ന തരത്തിലുള്ള പ്രകൃതി ചിന്തയിലേക്കാണ് കഥ ഊന്നൽ നൽകുന്നത് എന്ന് കാണാം. ശ്രീവത്സന്റെ കഥയിൽ കഥയുടെ ഊന്നൽ ബഷീറിൽത്തന്നെ നിലകൊള്ളുന്നു. ജെന്നറ്റിന്റെ ആഖ്യാനശാസ്ത്ര പരികല്പനകളിൽക്കൂടി പഠനവിധേയമാക്കിയ കഥകളെ വിലയിരുത്തുമ്പോഴും ഒരു ഭാവുകത്വഘടകമായി ബഷീർ ആഖ്യാനങ്ങളിൽ കടന്നുവരുന്നതായി മനസ്സിലാക്കാം.

## സഹായഗ്രന്ഥങ്ങൾ

1) അച്യുതൻ എം.1976. ചെറുകഥ ഇന്നലെ ഇന്ന്. ഡി സി ബുക്സ്. കോട്ടയം
2) നെല്ലിക്കൽ മുരളീധരൻ. 1997. വിശ്വസാഹിത്യ ദർശനങ്ങൾ. ഡി സി ബുക്സ്. കോട്ടയം
3) ജോർജ് കെ എം (എഡി ). 1998. ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ. ഡി സി ബുക്സ്. കോട്ടയം
4) നാരായണൻ കെ സി. 2003. മലയാളിയുടെ രാത്രികൾ. ഡി സി ബുക്സ്. കോട്ടയം
5) രവികുമാർ കെ എസ്. 2012. കഥയും ഭാവുകത്വപരിണാമവും. നാഷണൽ ബുക്സ്. കോട്ടയം
6) വൈക്കം മുഹമ്മദ് ബഷീർ. 2013. ബഷീർ സമ്പൂർണ്ണ കൃതികൾ. ഡി സി ബുക്സ്. കോട്ടയം
7) രാജശേഖരൻ പി കെ. 2017. കഥാന്തരങ്ങൾ മലയാള ചെറുകഥയുടെ ആഖ്യാനഭൂപടം. ഡി സി ബുക്സ്. കോട്ടയം
8) രാമകൃഷ്ണൻ ഇ വി. 2017. മലയാളനോവലിന്റെ ദേശകാലങ്ങൾ. മാതൃഭൂമി ബുക്സ്. കോഴിക്കോട്

 ISSN: 2582 - 2594